പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ചട്ടം 235(1) (iii) പ്രകാരമുള്ളത്)

2018 ഡിസംബർ 11-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

1648/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2016 -2018)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എ. സി. മൊയ്തീൻ,
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

ഇരുപതു വർഷക്കാലം കൊണ്ട് കേരളത്തിലെ സ്ത്രീകളുടെ അഭിമാനവും ആത്മവിശ്വാസവും വാനോളമുയർത്തിയ 'കുടുംബശ്രീ' പ്രസ്ഥാനം ദരിദ്ര വനിതകളുടെ ശാക്തീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെ കാര്യശേഷിയും ആസൂത്രണവൈഭവവും ഉയർത്തി പിടിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണ, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ലോകത്തിനു തന്നെ മാതൃകയായി മാറിയിട്ടുള്ള 'കുടുംബശ്രീ,' സാർത്ഥകമായ ഒരു പിടി നേട്ടങ്ങളോടെ ഈ മേഖലയിൽ മുന്നേറുകയാണ്. സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും നാടിന്റെ സർവ്വതലസ്പർശിയായ വികസനത്തിനും ഊർജ്ജം പകരുന്ന പ്രവർത്തനങ്ങളാണ് കുടുംബശ്രീയുടേത്. എന്നിരുന്നാലും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 'കുടുംബശ്രീ'യുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ഏർപ്പെടുത്താവുന്ന നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ എന്നിവയിലെ ഉദ്യോഗസ്ഥരുമായി 2018 ജനുവരി 11-ാം തീയതി തിരുവനന്തപുരത്ത് സമിതി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗ തീരുമാനമനുസരിച്ച് തയ്യാറാക്കിയ കരട് റിപ്പോർട്ട് 7-6-2018-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതി റിപ്പോർട്ട് അംഗീകരിച്ചശേഷം കുടുംബശ്രീ മിഷൻ ലഭ്യമാക്കിയ ചില അധിക വിവരങ്ങൾ കൂടി പരിശോധിച്ച് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് 13-8-2018-ലെ സമിതി യോഗം നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം സർക്കാർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിലെ അധിക വിവരങ്ങൾ, ശിപാർശകൾകൂടി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വിപുലീകരണത്തിനും ശാക്തീകരണത്തിനും ഏർപ്പെടുത്താവുന്ന പദ്ധതികളെ കുറിച്ച് സമിതി നടത്തിയ വിശദമായ ചർച്ചയിൽ വകുപ്പുകളിൽ നിന്നും ലഭിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതും കുടുംബശ്രീ മിഷനും സർക്കാരും ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ടതായ നടപടികളെ സംബന്ധിച്ചുമുള്ള സമിതിയുടെ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2018 നവംബർ 29-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2018 നവംബർ 29.

## കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

സ്ത്രീ സമത്വം, ശാക്തീകരണം തുടങ്ങിയ മഹത്തായ ആശയങ്ങളുടെ പ്രാധാന്യം വിളിച്ചോതുന്ന സമകാലിക സാമൂഹ്യാന്തരീക്ഷത്തിന്റെ വിലയിരുത്തലുകളും വിശകലനങ്ങളും പ്രസക്തമാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സ്ത്രീ ശാക്തീകരണം പ്രായോഗികവും കാര്യക്ഷമവുമാകണമെങ്കിൽ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവും മാനസികവും ശാരീരികവും ബുദ്ധിപരവും വൈകാരികവുമായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ടുള്ള ഒരു സമീപനം ആവശ്യമാണ്. ഇരുപത് വർഷക്കാലം കൊണ്ട് കേരളത്തിലെ സ്ത്രീകളുടെ അഭിമാനവും ആത്മവിശ്വാസവും വാനോളമുയർത്തിയ 'കുടുംബശ്രീ' എന്ന പ്രസ്ഥാനം സാമ്പത്തിക സാമൂഹിക മാറ്റങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിന്റെ നൂതന മാതൃകകളുമായി അന്താരാഷ്ട്ര ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു.

2. ദരിദ്ര വനിതകളുടെ ശാക്തീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെ കാര്യശേഷിയും ആസൂത്രണ വൈഭവവും വർദ്ധിപ്പിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. ദാരിദ്ര്യ ലഘൂകരണത്തിനുള്ള സമ്പാദ്യ വായ്പാ പദ്ധതികളും സ്വയം തൊഴിൽ സംരംഭങ്ങളുമായി തുടക്കംകുറിച്ച കുടുംബശ്രീ, ഭാവനാപൂർണ്ണമായ വിപുലീകരണത്തിലൂടെയും വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെയും ഇന്ന് സ്ത്രീ ജീവിതത്തിന്റെ സർവ്വ മണ്ഡലങ്ങളിലും നിറഞ്ഞുനിൽക്കുന്നു.

3. കുടുംബശ്രീ കേരളത്തിന് സമ്മാനിച്ച അനുപമമായ മാതൃക ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പകർത്താനുള്ള നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി, കുടുംബശ്രീയെ ദേശീയ ഉപജീവന മിഷൻ അംഗീകരിച്ചു എന്നത് കുടുംബശ്രീ മിഷന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഈ രംഗത്തുള്ള പ്രവർത്തന മികവിനുള്ള അംഗീകാരമായി സമിതി വിലയിരുത്തുന്നു.

4. വികസനത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒതുങ്ങിക്കഴിയുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളും തീരദേശ മത്സ്യത്തൊഴിലാളികളും വികലാംഗരും വയോജനങ്ങളും ഉൾപ്പെട്ട മറ്റ് ജനവിഭാഗങ്ങളുടെയും പ്രത്യേക സംരക്ഷണം കുടുംബശ്രീ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരിക എന്നത് കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. പ്രസ്തുത വിഭാഗങ്ങളെ വികസന പൊതുധാരയിൽ കൊണ്ടുവരുന്നതിനും അവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനും സമ്പാദ്യ സാധ്യതകളെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും ഒരു പ്രേരക ശക്തിയാകുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് വിവിധ സർക്കാർ-സർക്കാർ ഇതര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഊർജ്ജിത അവബോധ പരിപാടികൾ നടപ്പിലാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

1648/2018.

## ഉത്ഭവം

5. സമൂഹത്തിൽ പിന്നോക്ക ജീവിത നിലവാരത്തിലുള്ളവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 1991-ൽ ആലപ്പുഴ നഗരസഭയിൽ യൂണിസെഫിന്റെ നേതൃത്വത്തിൽ സമൂഹാധിഷ്ഠിത പോഷകാഹാര പരിപാടി ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഇംപാക്ട് കണക്കാക്കുന്നതിനായി UBSP (Urban Basic Services for the poor) നടത്തിയ സർവ്വേ, ദരിദ്രകുടുംബങ്ങളെ തിരിച്ചറിയാൻ സഹായിക്കുകയും അവരെ സംഘടിപ്പിച്ച് മൂന്നുതലങ്ങളുള്ള സാമൂഹിക സംവിധാനത്തെ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്തു. ആലപ്പുഴ UBSP സെല്ലും സംസ്ഥാന UBSP സെല്ലും 1993-ൽ സംയുക്തമായി തയ്യാറാക്കിയ സാമൂഹിക വികസന സൊസൈറ്റിയുടെ മാതൃകാ നിയമാവലി സംസ്ഥാന സർക്കാർ അംഗീകരിച്ചതിന്റെ ഫലമായി 1993 ഫെബ്രുവരി 6-ന് ആലപ്പുഴ കമ്മ്യൂണിറ്റി സൊസൈറ്റി നിലവിൽ വന്നു. ഇത് ഒരു നഗര കേന്ദ്രീകൃത പദ്ധതിയായിരുന്നു .

6. 1994-ൽ കേരള സർക്കാരും യൂണിസെഫും സംയുക്തമായി മലപ്പുറത്ത് നഗരഗ്രാമ പ്രദേശങ്ങളെ ഒരുമിപ്പിച്ച് കൊണ്ടുവന്ന പ്രസ്തുത മോഡൽ ഒരു പഞ്ചതല സംവിധാനമായിരുന്നു. പ്രസ്തുത പദ്ധതി എല്ലാ നഗരസഭകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി കേരള സർക്കാർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ ആരംഭിച്ചു. 1997-ൽ അന്നത്തെ കേന്ദ്ര നഗര ദാരിദ്ര്യ ലഘൂകരണ വകുപ്പ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ്, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ഡോ. ടി. എം. തോമസ് ഐസക്, നബാർഡിലെ ഉദ്യോഗസ്ഥൻ ഡോ. പ്രകാശ് ബക്ഷി എന്നിവരടങ്ങിയ സമിതി ജനകീയാസൂത്രണ പദ്ധതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനതല ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുകയും സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻ രൂപീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത ശിപാർശ അംഗീകരിച്ച കേരള സർക്കാർ 1997-98-ലെ ബഡ്ജറ്റിൽ ആയത് ഉൾപ്പെടുത്തുകയും സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ രൂപീകരിക്കുകയും ചെയ്തു. 1998 മേയ് 17-ന് പ്രധാനമന്ത്രി ശ്രീ. അടൽബിഹാരി വാജ്പേയ് മലപ്പുറത്ത് ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

7. 1999 ഏപ്രിൽ 1-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ കുടുംബശ്രീ മിഷൻ പ്രവർത്തനമാരംഭിച്ചു. 1999 സെപ്റ്റംബറിൽ സംസ്ഥാന നഗര ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ നിർത്തലാക്കുകയും സംസ്ഥാന നഗരവികസന ഏജൻസി (SUDA) ആരംഭിക്കുകയും ചെയ്തു. ഒന്നാംഘട്ടമായി 2000 ഓഗസ്റ്റിൽ 262 ഗ്രാമപഞ്ചായത്തുകളിലും 2003-ൽ കേരളം മുഴുവനും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (CDS) സംവിധാനം വ്യാപിപ്പിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ കൂട്ടായ്മകളിലൂടെ സ്വയംപര്യാപ്തത നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന പദ്ധതിയുടെ ചുമതല കേരളത്തിൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിക്കായിരുന്നു.

8. 2007-ൽ കേരള സർക്കാർ സ്വയംസഹായ സംഘങ്ങളെ സംയോജിപ്പിച്ച് കുടുംബശ്രീയ്ക്കൊപ്പം സ്വർണ്ണജയന്തി ശഹാരി റോസ്ഗാർ യോജന (SJSRY) യുടെ കീഴിൽ കൊണ്ടു വന്നു. 2008-ൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിക്ക് വ്യവസ്ഥാപിതമായ നിയമാവലിയും തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയും പ്രസിദ്ധീകരിക്കുകയും 2014-ൽ പരിഷ്കരിച്ച തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ നിലവിൽ വരികയും ചെയ്തു. ഇന്ന് കുടുംബശ്രീ അതിന്റെ 20 വർഷങ്ങൾ വിജയകരമായി പൂർത്തിയാക്കി കൂടുതൽ കരുത്തോടെ മുന്നേറുകയാണ്. പ്രാദേശിക സർക്കാരുകളുടെ പദ്ധതികളിലെ ദാരിദ്ര്യ നിർമ്മാർജ്ജന-സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ നല്ലൊരു പങ്കും ഇന്ന് കുടുംബശ്രീ വഴിയാണ് നടത്തുന്നത്.

9. സ്ത്രീ ശാക്തീകരണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ സാർത്ഥകമായ ഒരു പിടി നേട്ടങ്ങളോടെ ഈ മേഖലയിൽ മുന്നേറുകയാണ്. സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും നാടിന്റെ സർവ്വതല സ്പർശിയായ വികസനത്തിനും ഊർജ്ജം പകരുന്ന പ്രവർത്തനങ്ങളാണ് കുടുംബശ്രീ ഇന്ന് നടത്തുന്നത്.

10. അയൽക്കൂട്ട വനിതകൾക്കായി വരുമാനദായകമായ പല നൂതന പദ്ധതികളും കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ശുചീകരണം മുതൽ ഓഫീസ് നിർവ്വഹണം വരെ കുടുംബശ്രീ വനിതകൾ ഏറ്റെടുത്ത് നടത്തുന്ന കൊച്ചി മെട്രോ, വിവാഹ പൂർവ്വ കൗൺസിലിംഗ്, ആരോഗ്യഭക്ഷണ കിറ്റ്, ഗ്രീൻബൈറ്റ്, തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ, വനിതാ കെട്ടിടനിർമ്മാണ യൂണിറ്റുകൾ, നഗരമേഖലയിൽ ഭവനരഹിതരായവർക്കുള്ള ഭവന പദ്ധതി, ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതീ-യുവാക്കൾക്ക് പരിശീലനം നൽകുന്ന പദ്ധതി തുടങ്ങിയവ ഇതിന്റെ ചില ഉദാഹരണങ്ങളാണ്.

**ഘടന**

11. അതത് പഞ്ചായത്തിലെയും നഗരസഭയിലെയും ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങളിലെ സ്ത്രീകളാണ് കുടുംബശ്രീ അംഗങ്ങൾ. ഓരോ യൂണിറ്റിലെയും അംഗങ്ങളുടെ എണ്ണം 10 മുതൽ 20 വരെയായി നിയന്ത്രിച്ചിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 43 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. ഓരോ ഘടകവും അയൽക്കൂട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ഓരോ കുടുംബത്തിൽ നിന്നും ഓരോ അംഗങ്ങൾ ഉൾപ്പെടുന്ന 2.77 ലക്ഷം അയൽക്കൂട്ടങ്ങളും അവയെ ഏകോപിപ്പിച്ചുകൊണ്ട് 19874 ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളും (ADS) 1073 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളും (CDS) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നു.

12. ഓരോ മൂന്നുവർഷം കൂടുമ്പോഴും സമയബന്ധിതവും സുതാര്യവും ജനാധിപത്യ രീതിയിലുമുള്ള കുടുംബശ്രീ ത്രിതലസംവിധാനത്തിന്റെ തെരഞ്ഞെടുപ്പ് നടത്തുകയും മുഴുവൻ

ഭാരവാഹികൾക്കും സമയബന്ധിതമായി പരിശീലനം നൽകുകയും ചെയ്യുന്നു. തെരഞ്ഞെടുപ്പുകളിൽ സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനായി നിയമാവലി പരിഷ്കരിച്ച് ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തി. 20 വർഷം മുമ്പ് ആരംഭിച്ച പദ്ധതിയായതിനാൽ അന്നത്തെ അംഗങ്ങളിൽ ഭൂരിപക്ഷത്തിനും 10-ാം ക്ലാസ് യോഗ്യതമാത്രമേയുള്ളൂ എന്നതിനാൽ ആധുനിക കാലഘട്ടത്തിനനുസൃതമായ പല നൂതന പദ്ധതികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഈ പദ്ധതിയിലെ ഒരു പോരായ്മയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള അംഗങ്ങളുടെ അഭാവം കുടുംബശ്രീയിൽ ഇല്ലാതാക്കാനും കുടുംബശ്രീയുടെ ആധുനികവൽക്കരണത്തിന് ആക്കം കൂട്ടുന്നതിനും ഒരു കുടുംബത്തിൽ നിന്നും പുതിയ തലമുറയിൽപ്പെട്ട ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള ഒരാളെയെങ്കിലും അംഗമാക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു.

## പ്രവർത്തനങ്ങൾ

13. അയൽക്കൂട്ടങ്ങളുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് ലഘുസമ്പാദ്യവായ്പാ പ്രവർത്തനം (മൈക്രോ ഫിനാൻസ്). 2003 മുതൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ചെറുകിട സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. പലഹാരങ്ങൾ, അച്ചാറുകൾ കറിപൗഡറുകൾ മുതലായവയുടെ നിർമ്മാണം ഏറ്റെടുത്ത ചെറുകിട സൂക്ഷ്മസംരംഭങ്ങളുടെ പ്രവർത്തന ഫലമായി അയൽക്കൂട്ടങ്ങളുടെ സമ്പാദ്യം 5722 കോടിയോളം രൂപയിലെത്തിയിട്ടുണ്ട്. ഇതിനു പുറമെ 182183 അയൽക്കൂട്ടങ്ങൾക്കായി 6917 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. കുടുംബശ്രീ ബാങ്ക് ലിങ്കേജ് വായ്പാ പദ്ധതി പ്രകാരം വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പലിശ സബ്സിഡി ഇനത്തിൽ 77993 അയൽക്കൂട്ടങ്ങൾക്കും 26837 സംഘകൃഷിയൂണിറ്റുകൾക്കുമായി 77 കോടി രൂപയും ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ബാങ്ക് വായ്പാസഹായം തേടാത്ത അയൽക്കൂട്ടങ്ങൾക്കിടയിൽ ബാങ്ക് വായ്പയെക്കുറിച്ചും പലിശ സബ്സിഡി അടക്കമുള്ള നേട്ടങ്ങളെക്കുറിച്ചുമുള്ള സാമ്പത്തിക സാക്ഷരതാ കാമ്പയിൻ നടത്തിയതിന്റെ ഫലമായി 14288 അയൽക്കൂട്ടങ്ങൾ ഈ സാമ്പത്തിക വർഷം മുതൽ ആദ്യമായി ബാങ്ക് വായ്പ എടുത്തതായി സമിതി വിലയിരുത്തുന്നു. ദേശീയ ഗ്രാമീണ ഉപജീവനമിഷൻ പദ്ധതികളുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, വൾനറബിൾ റിഡക്ഷൻ ഫണ്ട് എന്നീയിനങ്ങളിൽ 15,000 രൂപ വീതം കമ്മ്യൂണിറ്റി ഫണ്ടായും നൽകി വരുന്നു. നബാർഡിന്റെ സഹായത്തോടെ കാസർഗോഡ് ജില്ലയിലെ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ ഡിജിറ്റൈസ് ചെയ്തതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സൂക്ഷ്മ സംരംഭക മേഖല

14. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളായ വനിതകൾക്ക് വ്യക്തിഗതമായോ സംഘംചേർന്നോ ആരംഭിക്കാവുന്ന പദ്ധതികളാണ് സൂക്ഷ്മസംരംഭങ്ങൾ. വിദ്യാഭ്യാസ യോഗ്യത പ്രത്യേകം പരാമർശിക്കപ്പെടാത്ത പ്രസ്തുത പദ്ധതികളിൽ ഗ്രൂപ്പ് വ്യക്തിഗത സംരംഭങ്ങൾക്കായി പദ്ധതി തുകയുടെ 50 ശതമാനവും (പരമാവധി 1,00,000 രൂപ) ഗ്രൂപ്പ് സംരംഭങ്ങൾക്ക് 30 ശതമാനവും (പരമാവധി 7500 രൂപ) സബ്സിഡിയായി ലഭിക്കുന്നു. സൂക്ഷ്മ സംരംഭങ്ങളിലൂടെ സ്ത്രീകൾക്ക് അധികവരുമാനം ഉണ്ടാക്കുന്നതിനും ആയതിലൂടെ കേവല ദാരിദ്ര്യത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും കുടുംബശ്രീ ശ്രമിക്കുന്നു. കുടുംബശ്രീയുടെ കൈത്താങ്ങോടെ സംരംഭകത്വ മേഖലയിലേയ്ക്ക് പ്രവേശിക്കുന്ന സൂക്ഷ്മ സംരംഭകർക്ക് മൂലധന സബ്സിഡി, റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് തുടങ്ങിയ സഹായങ്ങൾ ലഭിക്കുന്നുണ്ട്. കഫേ കുടുംബശ്രീ, കുടുംബശ്രീ ട്രാവൽസ്, ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ, ട്രെയിൻ ക്ലീനിംഗ് കമ്പനി, അപ്പാരൽ പാർക്ക്, ഡ്രൈവിംഗ് സ്കൂൾ, റെയിൽവേ റിസർവേഷൻ കൗണ്ടർ, റെയിൽവേ പാർക്കിംഗ് മാനേജ്മെന്റ് ഗ്രൂപ്പ്, അലങ്കാര മത്സ്യച്ചെടി വളർത്തൽ, പൈൻശ്രീ, മാർക്കറ്റിംഗ് കിയോസ്ക്, ഫാഷൻ ഡിസൈനിംഗ്, മൺപാത്ര നിർമ്മാണം, അമൃതം ന്യൂട്രിമിക്സ്, തേൻ, മാലിന്യസംസ്കരണം തുടങ്ങിയവയാണ് പ്രധാനപ്പെട്ട സൂക്ഷ്മ സംരംഭങ്ങൾ. നാളിതുവരെ കുടുംബശ്രീ സംഘടനാ സംവിധാനം വഴി 19484 വ്യക്തിഗത സംരംഭങ്ങളും 11777 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ടെന്നും ആയത് വഴി ഒരു ലക്ഷത്തിൽപ്പരം സ്ത്രീകൾക്ക് ഉപജീവന മാർഗ്ഗം ലഭിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. സൂക്ഷ്മ സംരംഭക മേഖലയുടെ വികസനത്തിനായി ഏകദേശം 202.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

15. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനും സംരംഭക വികസനത്തിന് പിന്തുണ നൽകുവാൻ താത്പര്യമുള്ളവരെ കണ്ടെത്തുന്നതിനും ആവിഷ്കരിച്ചിരിക്കുന്ന പിന്തുണ സംവിധാനമാണ് മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് (MEC). സംരംഭകരെ കണ്ടെത്തുന്നതിനും സംരംഭകസാധ്യത വികസിപ്പിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും സാമ്പത്തിക സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളുമായി സംരംഭകരെ ബന്ധപ്പെടുത്തുന്നതിനും പ്രസ്തുത സംവിധാനം സഹായിക്കുന്നു.

## നിർമ്മാണ മേഖല

16. നിർമ്മാണ മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള കുടുംബശ്രീ അംഗങ്ങളെ ജില്ലാ അടിസ്ഥാനത്തിൽ കണ്ടെത്തി സർക്കാർ അംഗീകൃത ഏജൻസികൾ മുഖാന്തരം പരിശീലനം നൽകിവരുന്നതായി സമിതി നിരീക്ഷിക്കുന്നു. പരിശീലനം പൂർത്തീകരിച്ച

അംഗങ്ങളെ ബ്ലോക്ക്/പഞ്ചായത്ത്/നഗരസഭാ തലത്തിൽ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളായി തിരിക്കുകയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ കുടുംബശ്രീ സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്യുന്നതായും സമിതി മനസ്സിലാക്കുന്നു. നിലവിൽ 34 ബ്ലോക്ക് തല യൂണിറ്റുകൾ, 47 പഞ്ചായത്ത് തല യൂണിറ്റുകൾ 02 നഗരസഭാ തല യൂണിറ്റുകൾ ഉൾപ്പെടെ 83 കുടുംബശ്രീ നിർമ്മാണ യൂണിറ്റുകളും പുതിയതായി 394 യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത യൂണിറ്റുകൾ മുഖേന വിവിധ സർക്കാർ ഭവന പദ്ധതികളിൽ ഉൾപ്പെട്ട 156 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നതായും സമിതി നിരീക്ഷിക്കുന്നു. പുതിയതായി രൂപീകരിക്കുന്ന യൂണിറ്റുകൾ കൂടി പരിശീലനം പൂർത്തിയാക്കുന്നതോടെ 3000-ത്തോളം കുടുംബശ്രീ അംഗങ്ങളെ നിർമ്മാണ മേഖലയിൽ എത്തിക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന യൂണിറ്റുകളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ ഒരു Labour Contracting Society രൂപീകരിക്കാനും കൂടാതെ അതത് പഞ്ചായത്ത്, നഗരസഭാ തലങ്ങളിലെ ഭവന പദ്ധതികളും സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുന്ന സർക്കാർ അംഗീകൃത Micro Contracting Construction Group ആയി മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കൃഷി മൃഗസംരക്ഷണ മേഖലകൾ

കൃഷി

17. ഗ്രാമീണ മേഖലകളിലെ പ്രധാന ജീവനോപാധിയാണ് കാർഷികവൃത്തി യെങ്കിലും അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ചെറിയ പങ്ക് മാത്രമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. കാർഷിക മേഖലയിലെ മാറ്റങ്ങളും തൊഴിൽ വേതന വർദ്ധനവുംമൂലം നാണ്യവിളകളുടെ കൃഷി വ്യാപകമായത് കാർഷിക മേഖലയിലെ സ്ത്രീ തൊഴിലാളികളെ സാരമായി ബാധിച്ചു. പ്രസ്തുത സാഹചര്യത്തിലാണ് 2004 മുതൽ കുടുംബശ്രീ കാർഷിക മേഖലയിൽ അതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ തീരുമാനിച്ചത്. അതിന്റെ ഫലമായി സ്ത്രീ കർഷക തൊഴിലാളികൾക്ക് കൃഷിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും കാർഷികവൃത്തിയിൽ നിന്നുള്ള ആദായത്തെക്കുറിച്ചുള്ള അവബോധം അവരിൽ സൃഷ്ടിക്കാനും സാധിച്ചു. ഇപ്രകാരമുള്ള ഇടപെടലുകളിലൂടെ കാർഷിക മേഖലയിൽ സ്ത്രീകൾക്ക് അവരുടേതായ സ്ഥാനം നൽകാനും അതിലൂടെ അവർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും കഴിഞ്ഞു.

18. കൃഷിവകുപ്പും തദ്ദേശസ്വയംഭരണവകുപ്പുമായി കൈകോർത്ത് കാർഷികരംഗത്ത്, പല വിപ്ലവകരമായ പ്രവർത്തനങ്ങളും നടത്തുന്നതിന് കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. നാല് മുതൽ പത്ത് വരെ അംഗങ്ങളെ ഉൾപ്പെടുത്തി 60760 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ച്

53000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. കാർഷിക വികസന പദ്ധതിയുടെ ഭാഗമായി 20 സംഘകൃഷി ഗ്രൂപ്പുകൾക്ക് ഒരു മാസ്റ്റർ കർഷക എന്ന നിലയ്ക്ക് കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. സംഘകൃഷിക്കാർക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാന തലത്തിൽ 3000 മാസ്റ്റർ കർഷകർ പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രദേശത്തിനനുയോജ്യമായ കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിനും കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഓരോ സി.ഡി.എസ്.-ലും കർഷക സഹായകേന്ദ്രങ്ങൾ ആരംഭിക്കുകയും സ്ത്രീ സൗഹൃദ കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

19. എല്ലാ അയൽക്കൂട്ടങ്ങളെയും കൃഷിയെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും കാർഷികവൃത്തി ആരംഭിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം ആരംഭിച്ച "പൊലിവ് " കാമ്പെയിനിലൂടെ കൃഷി, ശുചിത്വം, ആരോഗ്യ സംരക്ഷണം, പ്രകൃതി സംരക്ഷണം, ജലസംരക്ഷണം എന്നീ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു. ഗുണമേന്മയുള്ള പച്ചക്കറികൾ എല്ലാ വീടുകളിലും എത്തിക്കുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 'ഭക്ഷ്യ സുരക്ഷാ ഭവനം' പദ്ധതി സർക്കാർ നടപ്പാക്കി വരുന്നു. ഹരിത കേരള മിഷന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾ മുഖേനയാണ് പച്ചക്കറികൾ വിതരണം ചെയ്യുന്നത്.

20. ഭക്ഷ്യ സുരക്ഷയും ഭക്ഷ്യോൽപ്പാദനത്തിൽ സ്വയം പര്യാപ്തതയും ലക്ഷ്യമിട്ട് കുടുംബശ്രീ നടത്തിയ "പൊലിവ് " കാർഷികപദ്ധതിയുടെ ആദ്യഘട്ടം വളരെ വലിയ വിജയമായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒട്ടുമിക്ക അയൽക്കൂട്ടങ്ങളും മൂന്ന് സെന്റ് സ്ഥലത്തും ബാലസഭകൾ ഒരു സെന്റ് സ്ഥലത്തും വീതം കൃഷി ചെയ്തു. നമുക്ക് തനത് കാർഷിക സംതൃപ്തി വീണ്ടെടുക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പുതിയ സ്ഥലം കണ്ടെത്തി കുടുംബശ്രീ വനിതകൾ കൃഷി ആരംഭിച്ചിട്ടുണ്ട്. നല്ല മണ്ണ്, നല്ല വെള്ളം, നല്ല വിത്ത്, നല്ല കാർഷിക രീതികൾ എന്നിങ്ങനെ നമുക്ക് പൈതൃകമായിരുന്ന ജൈവ കാർഷിക സാക്ഷരത വീണ്ടെടുക്കാനും അതിന്റെ വിത്തുകൾ അടുത്ത തലമുറയ്ക്കുകൂടി കൈമാറേണ്ട ഉത്തരവാദിത്വം കൂടി കുടുംബശ്രീ വനിതാ കൂട്ടായ്മയ്ക്കുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. കാർഷിക മേഖലയിലെ കുടുംബശ്രീയുടെ ഇടപെടലുകൾ എല്ലാം തന്നെ ഉപജീവന മാർഗ്ഗം എന്നതിനപ്പുറം മണ്ണിനേയും പ്രകൃതിയെയും ഹനിക്കാതെ ആരോഗ്യമുള്ള അടുത്ത തലമുറക്കായി സംരക്ഷിക്കാനുള്ള ചുമതലകൂടി കുടുംബശ്രീയുടെ ദൗത്യമാക്കി മാറ്റേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

21. സമിതിക്ക് ലഭ്യമായ കണക്കുകളനുസരിച്ച് കാർഷിക രംഗത്ത് കുടുംബശ്രീയുടെ ഇടപെടലുകൾ മൂലമുണ്ടായ ഗുണപരമായ മാറ്റത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ജെഎൽജികളുടെ എണ്ണം | ഗുണഭോക്താക്കൾ | ഉത്പാദന വിസ്തീർണം |
|---|---|---|---|
| 2006-07 | - | 234812 | 17370 |
| 2007-08 | - | 249741 | 21805 |
| 2008-09 | - | 291074 | 27270 |
| 2009-10 | 46449 | 232220 | 25062 |
| 2010-11 | 39734 | 175835 | 19850 |
| 2011-12 | 41215 | 198732 | 24331 |
| 2012-13 | 41215 | 198732 | 24331 |
| 2013-14 | 48340 | 247018 | 39711 |
| 2014-15 | 54013 | 265273 | 44802 |
| 2015-16 | 54167 | 264178 | 49960 |
| 2016-17 | 63471 | 309455 | 54211 |
| 2017-18 | 60720 | 303600 | 53000 |

22. വിഷരഹിത കാർഷിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് സംഘകൃഷി ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുകയും ആയതിലേയ്ക്ക് 170 ജൈവവളയൂണിറ്റുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. 'മഹിളാ കിസാൻ ശാക്തീകരൺ പരിയോജന' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതോടൊപ്പം തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വനിതാ കർഷകർക്ക് ഇൻസെന്റീവുകളും നൽകിവരുന്നു. ജൈവ ഉല്പന്നങ്ങൾക്ക് നല്ല വിപണി ലഭ്യമാക്കുന്നതിന് ഓരോ ബ്ലോക്കിലും ആഴ്ചയിൽ 3 ദിവസം നാട്ടുചന്തകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അടുക്കള മാലിന്യ സംസ്കരണവും ജൈവവള നിർമ്മാണവും സംബന്ധിച്ച പരിശീലന പരിപാടികളും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു.

23. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലെ വിവിധ പ്രദേശങ്ങളിലായി ഹെക്ടർ കണക്കിന് ഭൂമി തരിശായി കിടക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ജൈവകൃഷിക്ക് അതീവ പ്രോത്സാഹനം നൽകിവരുന്ന ഈ കാലഘട്ടത്തിൽ, കൃഷിക്ക് ഉപയുക്തമാക്കാവുന്ന ഇത്തരം ഭൂമി കുടുംബശ്രീ

സി.ഡി.എസ്സുകൾക്കോ അയൽക്കൂട്ടങ്ങൾക്കോ കൈമാറി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി കൃഷിചെയ്യുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സുകൾക്കോ അയൽക്കൂട്ടങ്ങൾക്കോ കൈമാറി നൽകുന്നതിനാവശ്യമായ കൂടിയാലോചനകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതത് ഭൂമിയുടെ ഉടമസ്ഥരായ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരുമായി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇവരുടെ പ്രവർത്തനത്തിന് ആവശ്യമായ റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്ന കാര്യവും പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മൃഗസംരക്ഷണ മേഖല

24. 2008 മുതൽ കുടുംബശ്രീ മൃഗസംരക്ഷണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു തുടങ്ങിയതായി സമിതി നിരീക്ഷിക്കുന്നു. ആട്ട ഗ്രാമം, ക്ഷീരസാഗരം, പോത്തുകുട്ടി വളർത്തൽ, അടുക്കളത്തോട്ടം, മുട്ടക്കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുമായി കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കറവപ്പശുക്കളുള്ള അയൽക്കൂട്ടാംഗങ്ങളായ കർഷകരെ ഗ്രൂപ്പുകളായി തിരിച്ച് അവർക്കാവശ്യമായ ഫണ്ട് കുറഞ്ഞ പലിശ നിരക്കിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ നൽകുന്നു.

25. വർദ്ധിച്ചു വരുന്ന ഇറച്ചിക്കോഴിവിലയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും കൃത്രിമ മാർഗ്ഗങ്ങളിലൂടെയല്ലാതെ ഉല്പാദിപ്പിച്ചതും ഗുണമേന്മയുള്ളതുമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കുടുംബശ്രീയുടെ നേതൃത്വത്തിൽ 'കേരള ചിക്കൻ' എന്ന പേരിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കുന്ന 5000 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ കുടുംബശ്രീയുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും കെപ്കോയുടെയും സഹായത്തോടെ രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. 1000 കോഴികളെ വളർത്താൻ അടിസ്ഥാന സൗകര്യമുള്ള വ്യക്തിഗത സംരംഭങ്ങളും 4 പേർ ചേർന്ന് 1000 കോഴികളെ വളർത്തുന്ന ഗ്രൂപ്പ് സംരംഭങ്ങളും എന്നിങ്ങനെ 2 വിഭാഗമായാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നതെന്നും സമിതി വിലയിരുത്തുന്നു.

## തെരുവ്നായ നിയന്ത്രണ പദ്ധതി

26. കേരളത്തിലെ ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറിയ തെരുവ്നായ ശല്യം പരിഹരിക്കുന്നതിനും കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനുമായി 2016 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് തെരുവ്നായ നിയന്ത്രണ പദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീയുടെ കീഴിൽ പരിശീലനം നേടിയ 5 അംഗങ്ങൾ അടങ്ങിയ 40 സംരംഭക യൂണിറ്റുകളാണ് പ്രവർത്തിച്ചു വരുന്നത്. പദ്ധതിക്കുവേണ്ടി തുക വകയിരുത്തി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പ്രസ്തുത പദ്ധതി കുടുംബശ്രീ നടപ്പിലാക്കുന്നു. പിടികൂടുന്ന നായ ഒന്നിന് 2,100 രൂപയാണ് പഞ്ചായത്തുകൾ നൽകുന്നത്. അതിൽ 1,000 രൂപ കുടുംബശ്രീ യൂണിറ്റിനും 400 രൂപ ഡോക്ടർക്കുള്ള ഫീസും 500 രൂപ മരുന്നിനും 200 രൂപ നായയെ പിടികൂടി മൃഗാശുപത്രിയിൽ എത്തിക്കുന്നതിനുമായി ചെലവഴിക്കുന്നു. സർക്കാർ സംവിധാനത്തെ മാത്രം ആശ്രയിച്ച് ചെയ്യാൻ കഴിയുന്ന ഒന്നല്ല തെരുവ് നായ്ക്കളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ എന്ന് നിരീക്ഷിച്ച സമിതി, ഇതിനായി സർക്കാരിതര ഏജൻസികളുടെ സഹകരണവും സാങ്കേതിക സഹായവും നേടി കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. ആഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ, ജനുവരി മാസങ്ങളിലാണ് തെരുവ് നായ്ക്കളുടെ പ്രജനന കാലമെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഈ കാലയളവിൽ നായ്ക്കുട്ടികളെ ശേഖരിച്ച് വന്ധ്യംകരിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

27. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ തെരുവ് നായ്ക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക വകയിരുത്താത്തത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അവരുടെ ധനസ്ഥിതി അനുവദിക്കുമെങ്കിൽ, തെരുവ് നായ വന്ധ്യംകരണത്തിനായി നായ്ക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. നാളിതുവരെ 9000-ത്തോളം തെരുവ്നായകൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക അനുവദിക്കുകയാണെങ്കിൽ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുമെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. സംരംഭക യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ് ഫണ്ടായി 50,000 രൂപ നൽകുവാൻ പ്രത്യേക പദ്ധതിയുണ്ട്. തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ തെരുവ്നായ നിയന്ത്രണ പദ്ധതിക്ക് ഏകോപനവും പിന്തുണയും നൽകുന്നത് ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകളാണ്. അയൽക്കൂട്ട വനിതകൾ

ആത്മവിശ്വസത്തോടെ മുന്നിട്ടിറങ്ങിയാൽ മികച്ച വരുമാനം നേടാൻ കഴിയുന്ന ഒരു മേഖലയാണിതെന്നതിനാൽ നിലവിലുള്ള സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തി പോരായ്മകളുണ്ടെങ്കിൽ പരിഹരിച്ച് കൂടുതൽ ബ്ലോക്കുകളിലേക്ക് പുതിയ യൂണിറ്റുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## അഗതി രഹിത കേരളം (ആശ്രയ)

29. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കുന്നതിനായി സമൂഹത്തിലെ അശരണരും നിരാലംബരുമായവരെ സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആശ്രയ. 2003-ൽ ആരംഭിച്ച പദ്ധതി രണ്ട് ഘട്ടങ്ങൾ പിന്നിടുമ്പോൾ 1,53,498 ഗുണഭോക്താക്കളും 269 കോടി രൂപയുടെ ചലഞ്ച് ഫണ്ട് വിനിയോഗവുമായി ഏറ്റവും മികച്ച സർക്കാർ പദ്ധതിയായി മാറിയിട്ടുണ്ട്.

30. ആശ്രയ പദ്ധതി കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന സാഹചര്യങ്ങളാൽ അഗതിയായി മാറുന്നവരെയുംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഒന്നും രണ്ടും ഘട്ട പദ്ധതികളിൽ ഉൾപ്പെട്ടവരിൽ തുടർസേവനം ആവശ്യമുള്ളവരെയും കണ്ടെത്തി ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി രൂപീകരിച്ചത്. മൊബൈൽ ആപ്പ് വഴി പദ്ധതി ഗുണഭോക്താക്കളുടെ വിവരശേഖരണം സംസ്ഥാന തലത്തിൽ പൂർത്തിയായി കഴിഞ്ഞതായും ഇതിനായി 2017-18 കാലയളവിൽ ഇതുവരെ 13.94 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായും സമിതി വിലയിരുത്തുന്നു. അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളിലെയും ഗുണഭോക്തൃ വിവരശേഖരണം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി ഇതിന്റെ തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പ്രോജക്ടുകൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

31. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 284-ാം വകുപ്പ് പ്രകാരം ദാരിദ്ര്യ ലഘൂകരണത്തിന് പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. എല്ലാ നഗരസഭകളും ബഡ്ജറ്റ് പാസ്സാക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ 2% തുക ദാരിദ്ര്യ ലഘൂകരണത്തിന് മാറ്റിവയ്ക്കാറുണ്ടെങ്കിലും ആ തുക ചെലവഴിക്കാറില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മാറ്റിവച്ച തുക നിർബന്ധമായും അതിനായിത്തന്നെ ചെലവഴിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ബഡ്സ് സ്ഥാപനങ്ങൾ

32. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള മഹത്തായ സേവനങ്ങളിൽ ഒന്നാണ് 2004-ൽ ആരംഭിച്ച ബഡ്സ് സ്കൂൾ. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനായി ആരംഭിച്ച സ്കൂൾ 2008-ൽ ബഡ്സ് സ്പെഷ്യൽ സ്കൂളായി വികസിപ്പിച്ചു. പ്രായപൂർത്തിയായ, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്വയാശ്രിത ജീവിത നൈപുണ്യ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനായിട്ടാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ ശ്രമഫലമായി കേരളത്തിലെ 64 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകളും 87 ബി.ആർ.സി.കളും ആരംഭിക്കുന്നതിന് കഴിഞ്ഞതായി സമിതി വിലയിരുത്തുന്നു. 49 ബഡ്സ് സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 22 ബഡ്സ് സ്കൂളുകളോട് ചേർന്ന് ജീവനോപാധി വികസനം ലക്ഷ്യമിട്ടുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 9.35 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങളും കുടുംബശ്രീ നടപ്പിലാക്കുന്നതായും സമിതി നിരീക്ഷിക്കുന്നു.

33. 2017-18 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 200 പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് പദ്ധതിയിട്ടതായി സമിതി മനസ്സിലാക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ സർവ്വേയുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ളതായി കണ്ടെത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് സ്കൂൾ ആരംഭിക്കുവാൻ മുൻഗണന നൽകുന്നത്. ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് പലപ്പോഴും കുട്ടികളോടൊപ്പം ബഡ്സ് സ്കൂളിൽ തന്നെ സമയം ചെലവഴിക്കേണ്ടിവരുന്നതിനാൽ ഉപജീവന മാർഗ്ഗമില്ലാതെ പലരും ബുദ്ധിമുട്ടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇങ്ങനെയുള്ള കുട്ടികളുടെ അമ്മമാർക്ക് കൂടി ഉപജീവന മാർഗ്ഗം ഒരുക്കുന്നതിനുള്ള പദ്ധതികൾ കുടുംബശ്രീവഴി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ മറ്റുള്ള കുട്ടികളുമായി സഹകരിപ്പിക്കുന്നതിന് മറ്റുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളിൽ പഠിപ്പിക്കുന്നതും മറ്റ് കുട്ടികളുമായി ഇടപഴകുന്നതിന് അവസരം നൽകുന്നതും ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ എൽ.പി./യു.പി. സ്കൂളുകളോടനുബന്ധിച്ച് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകളുണ്ടെങ്കിൽ അത് സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സ്ത്രീ ശാക്തീകരണം

36. സംസ്ഥാന വ്യാപകമായി അയൽക്കൂട്ടരൂപീകരണവും സ്ത്രീകളുടെ കൂട്ടായ്മയും സംഘടിപ്പിക്കാൻ കഴിഞ്ഞെങ്കിലും സ്ത്രീകളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കുവാനോ വിവിധ മേഖലകളിൽ തങ്ങളുടെ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനോ അതിന് സ്ത്രീകളെ ബോധവതികളാക്കുന്നതിനോ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി വിജയിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിലാണ് കുടുംബശ്രീ 2007-ൽ "സ്ത്രീ പദവി സ്വയം പഠനപ്രക്രിയ" എന്ന പദ്ധതി ആരംഭിച്ചത്. പ്രസ്തുത പഠന രീതിയിലൂടെ സ്വന്തം അവസ്ഥ തിരിച്ചറിയുന്നതിനും ആയത് വഴി പഠിതാക്കൾ തന്നെ അറിവിന്റെ ഉത്പാദകരും ഉപഭോക്താക്കളുമായി മാറുന്ന അവസ്ഥ സംജാതമാകുന്നതിനും കഴിയും. പഠനസഹായി അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ, പ്രവർത്തനങ്ങൾ, നിർഭയ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ അതിക്രമങ്ങളുടെ സംക്ഷിപ്ത ചിത്രം തയ്യാറാക്കുന്നതിനായി നടത്തിയ ക്രൈം മാപ്പിംഗ് പ്രവർത്തനം, അയൽക്കൂട്ട വനിതകളുടെ അനുഭവക്കുറിപ്പുകളുടെ ശേഖരണത്തിനായി സംഘടിപ്പിച്ച പുസ്തകയാത്ര എന്നിവ ഈ മേഖലയിലെ പ്രധാന നാഴികക്കല്ലുകളാണ്. സമൂഹത്തിൽ ഒറ്റപ്പെട്ടവരും നിരാലംബരും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താല്കാലിക അഭയവും നൽകുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിൽ 9522 കേസുകൾ റിപ്പോർട്ട് ചെയ്യുകയും 2032 പേർക്ക് താല്കാലിക അഭയം നൽകുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി തിയേറ്റർ രംഗശ്രീ പദ്ധതിയുടെ ഭാഗമായി അഞ്ച് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 37 കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി വരുന്നതായി സമിതി മനസ്സിലാക്കുന്നു.

37. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങളും പീഡനവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും അതുപോലെ പീഡനത്തിന് ഇരയാകുന്ന ആളുകൾക്ക് നിയമസഹായം ഉൾപ്പെടെയുള്ളവ നൽകുന്നതിനും പീഡനം നടത്തിയവർക്ക് മതിയായ ശിക്ഷ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കുടുംബശ്രീയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ബാലസഭ

38. അയൽക്കൂട്ടങ്ങൾക്ക് അനുബന്ധമായി കുട്ടികളുടെ പങ്കാളിത്താവകാശം ഉറപ്പാക്കി അവരുടെ സമഗ്ര വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ രൂപീകരിച്ച സാമൂഹികാധിഷ്ഠിത സംഘടനാ സംവിധാനമാണ് ബാലസഭകൾ. ചിട്ടയായതും പരീക്ഷണാത്മകവുമായ പഠനം, ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് കുട്ടികളിൽ

അവബോധം ഉണ്ടാക്കുന്നതിനുള്ള അവസരം പ്രദാനം ചെയ്യൽ, പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാക്കൽ ജൈവകൃഷിയും അനുബന്ധ പ്രവർത്തനങ്ങളും എന്നിവ സംഘടിതമായി ചെയ്യുന്നതിനുള്ള ശേഷി വളർത്തൽ എന്നിവയാണ് ബാലസഭയുടെ അടിസ്ഥാനതത്വം. കൗമാരക്കാർ, ബാലസഭാ പ്രവർത്തകർ, എന്നിവർക്കായി വിവിധ വ്യക്തിത്വ വികസന പരിപാടികളും സഹവാസ ക്യാമ്പുകൾ, പഠനയാത്രകൾ എന്നിവയും സംഘടിപ്പിക്കുന്നതായി സമിതി വിലയിരുത്തുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികളും കുടുംബശ്രീയും

<u>ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശൽ യോജന (DDUGKY)</u>

39. ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിലെ 18-നും 35-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് വിദഗ്ധ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2014 ഫെബ്രുവരിയിൽ ആരംഭിച്ച പദ്ധതിയാണിത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സാമ്പത്തിക പിന്തുണയോടെ ദേശീയ ഗ്രാമീണ ഉപജീവന മിഷനും കുടുംബശ്രീയും സംയുക്തമായാണ് പദ്ധതി നിർവ്വഹിക്കുന്നത്. ഗുണഭോക്താക്കളെ അവരുടെ വിദ്യാഭ്യാസ യോഗ്യതയും അഭിരുചിയും ഇണങ്ങുന്ന രീതിയിൽ നൈപുണ്യ പരിശീലനം നൽകി അർഹമായ തൊഴിൽ നേടാൻ പദ്ധതി സഹായിക്കുന്നു. ഈ പദ്ധതിയിലൂടെ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, യാത്രാചെലവ്, ഭക്ഷണം എന്നിവയുൾപ്പെടെയുള്ള സൗജന്യ പരിശീലനമാണ് നൽകിവരുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്, സെക്ടർ സ്കിൽ ട്രെയിനിംഗ് എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് നൽകിവരുന്നു. ആവശ്യമുള്ളവർക്ക് തുടർ പരിശീലനം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

40. കുടുംബശ്രീയുടെ കീഴിൽ 45 നൈപുണ്യ പരിശീലന ഏജൻസികൾ ഉണ്ടെന്നും 60 പദ്ധതികളിലായി 51608 പേർക്ക് പരിശീലനം നൽകിയതായും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നടത്തിപ്പിനായി കേന്ദ്രഗ്രാമവികസന മന്ത്രാലയം 198.96 കോടി രൂപ കൂടി പദ്ധതി വിഹിതമായി കുടുംബശ്രീക്ക് നൽകി. 2017-2019 കാലഘട്ടങ്ങളിലായി കേരളത്തിലെ 20000 യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. <u>തീരദേശ മേഖലയുടെ വികസനത്തിനായി 'സാഗർമാല' എന്ന പേരിലുള്ള നൈപുണ്യ പരിശീലനം നൽകുന്നത് ഇപ്പോൾ കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ മാത്രമാണ്. പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലെ തീരദേശ മേഖലകളിൽകൂടി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

പ്രധാനമന്ത്രി ആവാസ് യോജന (PMAY)

41. 2022-ഓടെ ഇന്ത്യയിലെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുമായി ചേർന്ന് നടപ്പാക്കിയ പദ്ധതിയാണ് പി.എം.എ.വൈ. പ്രസ്തുത പദ്ധതിയിൽ വീടില്ലാത്ത എല്ലാവരെയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസ യോഗ്യമാക്കുകയും ചെയ്യുന്നു. ചേരി വികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത നിർമ്മാണം എന്നിങ്ങനെ നാല് വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

42. സംസ്ഥാനത്തെ 93 നഗരസഭകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. 246 പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനവും സ്വന്തമായി ഒരു സെന്റ് ഭൂമിയെങ്കിലുമുള്ള ഭവന രഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന-ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ മൂന്ന് ലക്ഷം രൂപ ലഭ്യമാക്കുന്നു. നാളിതുവരെ പി.എം.എ.വൈ. പദ്ധതി പ്രകാരം 67953 വീടുകളുടെ നിർമ്മാണത്തിന് 2038.59 കോടി രൂപയുടെ അംഗീകാരം കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടെന്നും 859 വീടുകളുടെ നിർമ്മാണം പൂർത്തിയായതായും സമിതി നിരീക്ഷിക്കുന്നു. 2018 മാർച്ച് 31-നകം സംസ്ഥാനത്ത് സ്വന്തമായി സ്ഥലമുള്ള മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിക്കാനിരിക്കുകയാണെന്നാണ് സമിതിക്ക് ലഭിച്ച വിവരം.

നാഷണൽ അർബൻ ലൈവിലിഹുഡ് മിഷൻ (NULM)

43. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ സ്ത്രീകൾ, തൊഴിൽ രഹിതരായ യുവതീ യുവാക്കൾ, അസംഘടിത മേഖലകളിലെ തൊഴിലാളികൾ, നഗരത്തിലെ ഭവനരഹിതർ, തെരുവ് കച്ചവടക്കാർ എന്നിങ്ങനെ എല്ലാവിഭാഗം നഗര ദരിദ്രരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിനുവേണ്ടി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദീൻ ദയാൽ അന്ത്യോദയ യോജന എന്ന ദേശീയ നഗര ഉപജീവന മിഷൻ. 2015 മേയ് മാസത്തിൽ 14 ജില്ലാ ആസ്ഥാന നഗരകേന്ദ്രങ്ങളിൽ ആരംഭിച്ച പദ്ധതി നിലവിൽ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും നടപ്പാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു.

44. സാമൂഹ്യ സംഘാടനവും വികാസവും ഘടകപ്രകാരം 5541 അയൽക്കൂട്ടങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും 26278 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ നിരക്കിലും 2755 എ.ഡി.എസ്സുകൾക്ക് 50,000 രൂപ നിരക്കിലും റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും നൈപുണ്യവും തൊഴിലും ഘടകപ്രകാരം 73 വിവിധ കോഴ്സുകൾ പരിശീലിപ്പിക്കുന്നതിനായി 45 ഏജൻസികളെ എംപാനൽ ചെയ്യുകയും 5832 പേർക്ക്

തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും ലഭ്യമായ രേഖകളിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ പ്രകാരം സ്വയം തൊഴിൽ സംരംഭക പദ്ധതിയിൽ 472 വ്യക്തിഗത സംരംഭങ്ങളും 48 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ടെന്നും എൻ.യു.എൽ.എം. പദ്ധതി പ്രകാരം 11915 അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

45. സർവ്വെയിലൂടെ കണ്ടെത്തിയ 24153 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ഭവന രഹിതരായി തെരുവിൽ കഴിയുന്ന 3195 പേരെ പുനരധിവസിപ്പിക്കുന്നതിനായി 6 യൂണിറ്റുള്ള ഷെൽട്ടറിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 11 ഷെൽട്ടറുകളുടെ പുനരുദ്ധാരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും 6 അഭയ കേന്ദ്രങ്ങളുടെ നിർമ്മാണവും 3 എണ്ണത്തിന്റെ പുനരുദ്ധാരണവും നടന്നു വരുന്നുവെന്നും സമിതി വിലയിരുത്തുന്നു.

എൻ.ആർ.എൽ.എം. (NRLM)

46. ദേശീയ ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ മുഖ്യ പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. നിലവിലുള്ള സ്വർണ്ണ ജയന്തി റോസ്ഗാർ യോജനക്ക് പകരമായി 2011 മുതൽ എൻ.ആർ.എൽ.എം. ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ശേഷി വികസനത്തിന് അവരുടേതായ ജനകീയ സംഘടനാ സംവിധാനം ഉണ്ടെങ്കിൽ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സമഗ്രവും സുസ്ഥിരവുമാകുകയുള്ളൂ. പ്രസ്തുത പദ്ധതിയുടെ മുഖ്യ നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്. 2016-17 സാമ്പത്തിക വർഷം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ തീരദേശ മേഖലയിലെ വ്യക്തികൾ, വയോജനങ്ങൾ എന്നിവരുടെയും സാമ്പത്തിക സാമൂഹിക ഉൾപ്പെടുത്തലിനും സ്ത്രീ ശാക്തീകരണ പദ്ധതികൾക്കും പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള interest subsidy scheme, Rural Self Employment Training Institutes (RSETI) വഴി തൊഴിൽ പരിശീലനങ്ങൾ, സരസ് ഫെയറുകൾ, കമ്മ്യൂണിറ്റി തീയേറ്റർ മുതലായവ സംഘടിപ്പിക്കുന്നുണ്ട്. NRLM പ്രത്യേക പദ്ധതിയുടെ ഭാഗമായി മനുഷ്യ കടത്തുമായി ബന്ധപ്പെട്ട് ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തണമെന്നും പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ഗുണകരമാണെങ്കിൽ സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

എൻ.ആർ.ഒ. (NRO)

47. കുടുംബശ്രീ മാതൃക പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും മറ്റു സംസ്ഥാനങ്ങളും വിദേശ രാജ്യങ്ങളും കുടുംബശ്രീയെ സമീപിക്കുകയും പരിശീലനങ്ങൾ

സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ഏറ്റവും ഒടുവിലായി ഉഗാണ്ട, അസർബൈജാൻ എന്നീ രാജ്യങ്ങളിൽ ഇത്തരം പരിശീലനങ്ങൾക്ക് കുടുംബശ്രീ പിന്തുണ നൽകി വരുന്നു. മറ്റു സംസ്ഥാനങ്ങൾക്ക് ആവശ്യമായ കൺസൾട്ടൻസി നൽകുന്നതിനായി കേന്ദ്ര സർക്കാർ നിലവിൽ കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ കുടുംബശ്രീ എൻ.ആർ.ഒ. ആവശ്യമായ കൺസൾട്ടൻസി നൽകി വരുന്നുണ്ട്. ഇത്തരത്തിൽ കുടുംബശ്രീ എൻ.ആർ.ഒ.യെ ഇന്ത്യക്ക് അകത്തും വിദേശരാജ്യങ്ങളിലും ആവശ്യമായ കൺസൾട്ടൻസി സർവീസ് നൽകുന്ന വിധത്തിൽ ശക്തിപ്പെടുത്തുന്നതിനും ഒരു ഔദ്യോഗിക റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിനും ആവശ്യമായ നയപരമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

"ദിശ 2017" അയൽക്കൂട്ട നവീകരണവും സ്വയം വിലയിരുത്തലും

48. അയൽക്കൂട്ടങ്ങളെ സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ എന്നിവരെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് ദിശ 2017 എന്ന വിപുലമായ കാമ്പയിൻ സംഘടിപ്പിച്ചതിന്റെ ഭാഗമായി 8,872 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞതായി സമിതി മനസ്സിലാക്കുന്നു. അയൽക്കൂട്ടങ്ങളുടെ സ്വയം വിലയിരുത്തലിൽ ലഭ്യമായ മാർക്കുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

അയൽക്കൂട്ടങ്ങളുടെ സ്വയം വിലയിരുത്തലിൽ ലഭ്യമായ മാർക്ക്

| District | NHGs Scored marks above 100 | NHGs Scored marks between 81-100 | NHGs Scored marks between 51-80 | NHGs Scored marks below 50 |
|---|---|---|---|---|
| Trivandrum | 164 | 5273 | 13394 | 1479 |
| Kollam | 509 | 7978 | 8221 | 717 |
| Pathanamthitta | 203 | 4077 | 3399 | 178 |
| Alappuzha | 794 | 8044 | 6643 | 640 |
| Kottayam | 287 | 5404 | 7612 | 735 |
| Idukki | 230 | 3643 | 5519 | 488 |
| Ernakulam | 392 | 7649 | 8645 | 718 |
| Thrissur | 161 | 5553 | 12196 | 1641 |

| | | | | |
|---|---|---|---|---|
| Palakkad | 344 | 7310 | 10845 | 1086 |
| Malappuram | 200 | 5860 | 13290 | 2438 |
| Kozhikode | 252 | 9429 | 13355 | 1663 |
| Wayanad | 273 | 4594 | 3524 | 346 |
| Kannur | 181 | 6705 | 11379 | 783 |
| Kasargod | 85 | 3886 | 5466 | 575 |
| Total | 4,075 | 85,405 | 1,23,488 | 13,487 |

49. 2018-19 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ വിവിധ തലങ്ങളിൽ തീരുമാനമെടുത്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജിതശ്രമം വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സംഘടനാതലത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ

50. കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും 2018-19 സാമ്പത്തിക വർഷം കുടുംബശ്രീ ലക്ഷ്യമിടുന്നതായും 'ഇയർ ഓഫ് എൻ.എച്ച്.ജി.' എന്ന പേരിൽ സംസ്ഥാന തലത്തിൽ കാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചതായും സമിതി നിരീക്ഷിക്കുന്നു. കുടുംബശ്രീയിൽ ഇനിയും അംഗമാകാത്ത മുഴുവൻ പാവപ്പെട്ടവരെയും അയൽക്കൂട്ടങ്ങളിൽ അംഗമാക്കുക, സി.ഡി.എസ്. തലത്തിൽ ഓരോ അയൽക്കൂട്ടങ്ങളുടെയും ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുക, മുഴുവൻ അംഗങ്ങളെയും കുടുംബശ്രീ മാസികയുടെ വരിക്കാരാക്കുക, എ.ഡി.എസ്.നെ ഒരു റിസോഴ്സ് സെന്ററായി മാറ്റുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും തയ്യാറാക്കുക, വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുക, അയൽക്കൂട്ടങ്ങളിലെ രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക, അയൽക്കൂട്ട സി.ഡി.എസുകളുടെ ഗ്രഡേഷനും വിലയിരുത്തലും ദാരിദ്ര്യരഹിത പഞ്ചായത്താക്കി മാറ്റുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും അയൽക്കൂട്ടങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള കാമ്പയിൻ തുടങ്ങിയവയാണ് ഇയർ ഓഫ് എൻ.എച്ച്.ജി.യുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ.

## കുടുംബശ്രീ സ്കൂൾ

51. സംസ്ഥാനത്തെ മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും കുടുംബശ്രീയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനും പരിശീലനം നൽകുന്നതിനുമായി

2017-18 വർഷത്തിൽ നടപ്പിലാക്കിയ കുടുംബശ്രീ സ്കൂൾ എന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടി തുടർവർഷങ്ങളിലും സംഘടിപ്പിക്കണമെന്ന് ആവശ്യം ഉയരുന്ന സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം കുടുംബശ്രീ സ്കൂളിന്റെ രണ്ടാംഘട്ട പ്രവർത്തനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ ലക്ഷ്യം പൂർണ്ണതയിലെത്തുന്നതുവരെ തുടർവർഷങ്ങളിലും പരിപാടി തുടരണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സംഘടനാ സംവിധാനം, പദ്ധതികൾ, കുട്ടികളുടെയും സ്ത്രീകളുടെയും അവകാശം, അഴിമതിമുക്ത കേരളത്തിൽ കുടുംബശ്രീയുടെ പങ്ക്, ആരോഗ്യ-കാർഷിക സംരക്ഷണ മേഖലയിൽ കുടുംബശ്രീയുടെ ഇടപെടൽ, മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനങ്ങൾ എന്നിങ്ങനെ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം

52. ദാരിദ്ര്യം ലഘൂകരിക്കുന്നതിന് സാമൂഹ്യ സാഹചര്യ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെൻഡർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ 2018-19 സാമ്പത്തിക വർഷം കുടുംബശ്രീ ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. വയോജന അയൽക്കൂട്ടങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 1073 സി.ഡി.എസ്.കളിലും വയോജന വില്ലേജ് കോ-ഓർഡിനേറ്റർമാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കുടുംബശ്രീ വാർഷിക ആഘോഷങ്ങൾ

53. കുടുബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ടങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് സ്കൂൾ കലോത്സവത്തിന്റെ മാതൃകയിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കാനും മികച്ച 3 സി.ഡി.എസ്., എ.ഡി.എസ്. അയൽക്കൂട്ടങ്ങൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്യാഷ് അവാർഡുകൾ നൽകാനും തീരുമാനിച്ചതായി സമിതി നിരീക്ഷിക്കുന്നു.

### തീരദേശമേഖലയെ ശക്തിപ്പെടുത്തൽ

54. തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം 20000 തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുവാൻ തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. തീരദേശ മേഖലയെ

ശക്തിപ്പെടുത്തുന്നതിനായി 2017-18-ൽ രൂപീകരിച്ച കോസ്റ്റൽ കമ്മ്യൂണിറ്റി വോളന്റിയർമാരുടെ പ്രവർത്തനങ്ങൾ തുടർ വർഷങ്ങളിലും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കോസ്റ്റൽ വോളണ്ടിയർമാർക്ക് നൽകി വരുന്ന ഓണറേറിയം കാലോചിതമായി വർദ്ധിപ്പിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### മൈക്രോഫിനാൻസ്

55. മൂന്നുലക്ഷം രൂപ വരെയുള്ള അയൽക്കൂട്ട ലിങ്കേജ് വായ്പകൾക്ക് പരമാവധി 8.5% വരെ പലിശ സബ്സിഡി നൽകുന്നതിനുള്ള തീരുമാനമനുസരിച്ച് ഏകദേശം ഒരു ലക്ഷം അയൽക്കൂട്ടങ്ങൾക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുമെന്ന് സമിതി മനസ്സിലാക്കുന്നു.

56. കുടുംബശ്രീയുടെ സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ ബാങ്കുകൾക്ക് വളരെ നിർണായകമായ പങ്ക് വഹിക്കുവാനുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ബാങ്ക് ലിങ്കേജ് വായ്പ, സംരംഭക ഗ്രൂപ്പുകൾക്കുള്ള വായ്പ, ജെ.എൽ. ജി.കൾക്കുള്ള വായ്പ എന്നിവയ്ക്ക് ബാങ്കുകളുടെ വളരെയധികം പിന്തുണ ആവശ്യമുണ്ട്. അമിതമായ പലിശ ഈടാക്കുന്നവരിൽ നിന്നും മറ്റു സ്വകാര്യ പണമിടപാടുകാരിൽനിന്നും ഏജൻസികളിൽനിന്നും വളരെ ഉയർന്ന പലിശനിരക്കിൽ വായ്പ വാങ്ങി കടക്കെണിയിൽ അകപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ബാങ്കുകളുടെ സഹകരണത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികൾ വളരെയേറെ സഹായകരമാണ്. എന്നാൽ ചുരുക്കം ചില ബാങ്കുകളെങ്കിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും, സംരംഭക ഗ്രൂപ്പുകൾക്കും ജെ.എൽ.ജി.കൾക്കും വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ആയതിനാൽ ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ബാങ്കുകളിൽ നിന്നും ലിങ്കേജ് വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടങ്ങൾ ബാങ്കുകളുമായി മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടി വരുന്നതായും ആയതിലേക്കായി ഒരു അയൽക്കൂട്ടത്തിന് 500 രൂപ മുതൽ 800 രൂപ വരെ മുദ്ര പത്രത്തിനായി (സ്റ്റാമ്പ് ഡ്യൂട്ടി) ചെലവ് വരുന്നതായും സമിതി നിരീക്ഷിക്കുന്നു. അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പക്ക് (ഒരു അംഗത്തിന് പരമാവധി 25,000 രൂപ വരെയുള്ള വായ്പ തുക) ആർ.ബി.ഐ. സർവ്വീസ് ചാർജ് ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അയൽക്കൂട്ടങ്ങളുടെ ബാങ്ക് ലിങ്കേജ് വായ്പയുടെ കരാറിന് ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### മൈക്രോ ക്രെഡിറ്റ് ഉച്ചകോടി

58. സ്വയംസഹായ സംഘങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങളിൽ ബാങ്ക് ലിങ്കേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത്-ബ്ലോക്ക് ജില്ലാതലങ്ങളിലും സംസ്ഥാന തലത്തിലും ബാങ്കുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മൈക്രോ ക്രെഡിറ്റ് ഉച്ചകോടി നടത്താൻ കുടുംബശ്രീ തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു.

### മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) രൂപീകരണം

59. നിലവിലുള്ള എല്ലാ എം.ഐ.എസ്.കളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് അയൽക്കൂട്ടങ്ങളുടെ മുഴുവൻ വിവരങ്ങളും ലഭ്യമാകുന്ന ലളിതമായ ഒരു എം.ഐ.എസ്. രൂപപ്പെടുത്തുന്നതിന് കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്നതായി സമിതി നിരീക്ഷിക്കുന്നു.

### എം. ബാങ്കിംഗ്

60. അയൽക്കൂട്ടത്തിന്റെ സാമ്പത്തിക ഇടപാടുകൾ സ്മാർട്ട് ഫോൺ വഴി നടത്തുന്നതിനായി എല്ലാ ജില്ലയിലെയും ഒരു സി.ഡി.എസ്സിൽ എം.ബാങ്കിംഗ് സംവിധാനം ആരംഭിക്കാൻ കുടുംബശ്രീ തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു.

### സൂക്ഷ്മ സംരംഭക മേഖല

61. കുടുംബശ്രീ വനിതകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് 2018-19 സാമ്പത്തിക വർഷം 6000 മൈക്രോ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതായും പുതിയ സാമ്പത്തിക സഹായങ്ങളായ സിക്ക് യൂണിറ്റ് റിവൈവൽ ഫണ്ട്, പ്രോഡക്ട് ഇംപ്രൂവ്മെന്റ് ഫണ്ട്, കണ്ടിജൻസി ഫണ്ട് എന്നിവ നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കുടുംബശ്രീ ഉല്പന്നങ്ങൾ വലിയ തോതിൽ ഉല്പാദിപ്പിക്കുന്നതിനായി 14 ജില്ലകളിലും സൂക്ഷ്മസംരംഭക പാർക്കുകൾ, സംരംഭങ്ങൾക്കായുള്ള ഇൻകുബേഷൻ സെന്ററുകൾ, പൊതുസേവന കേന്ദ്രങ്ങൾ, ഉല്പാദക കമ്പനികൾ എന്നിവ സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

62. കൂടാതെ വയബിലിറ്റി ഗ്യാപ് ഫണ്ട്, അരക്ഷിത സമൂഹങ്ങളിലെ വനിതകൾക്ക് ഉപജീവനം കണ്ടെത്തുന്നതിനായി 'പ്രത്യാശ' എന്ന പേരിൽ ഒരു വർഷം നീണ്ടു നില്ക്കുന്ന കാമ്പയിൻ സംഘടിപ്പിക്കാനും പദ്ധതി തയ്യാറായി വരുന്നതായും ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ അമ്മമാർക്ക് തൊഴിൽ അവസരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി 'തളിര്' എന്ന പേരിൽ കാമ്പയിൻ സംഘടിപ്പിക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

## വിപണനം

63. കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ പുതിയ മാർഗ്ഗങ്ങൾ തേടാൻ കുടുംബശ്രീ മിഷൻ തീരുമാനിച്ചു. ഓണം/റംസാൻ/ക്രിസ്തുമസ് തുടങ്ങിയ ആഘോഷ അവസരങ്ങളിലെ വിപണനം മെച്ചപ്പെടുത്തുന്നതിനും മാസചന്തകൾ ക്രമമായി നടത്തുന്നതിനും പദ്ധതി വിഭാവനം ചെയ്തതായി സമിതി നിരീക്ഷിക്കുന്നു. കഫേ കുടുംബശ്രീയുടെ 100 ഭക്ഷ്യമേളകൾ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാനും കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ഒരു സ്ഥിരം വിപണന സംവിധാനം 50 ബ്ലോക്കുകളിൽ വിഭാവനം ചെയ്യുവാനും തീരുമാനിച്ചിട്ടുള്ളതായും കുടുംബശ്രീയുടെ ഓൺലൈൻ വിപണന സംവിധാനത്തിനും ആയതിനു വേണ്ടിയുള്ള സംരംഭക സംവിധാനമൊരുക്കുന്നതിനു വേണ്ടിയും സംരംഭകരെ ശാക്തീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കാൻ കുടുംബശ്രീ തീരുമാനിച്ചിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു.

64. IRDP, SJSRY, SGSY തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ, വിപണനകേന്ദ്രങ്ങൾ തുടങ്ങിയ ആസ്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിക്കുകയും പിന്നീട് ഉപയോഗിക്കാതെ പൂട്ടിക്കിടക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര പദ്ധതിയായ SGSY നിർത്തലാക്കി പകരം NRLM പദ്ധതി ആരംഭിച്ചപ്പോൾ പ്രസ്തുത പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പ് ചുമതല കുടുംബശ്രീ മിഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആയതിനാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള/ഉടമസ്ഥതയിലുള്ള പൂട്ടിക്കിടക്കുന്ന കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ തുടങ്ങിയ ആസ്തികൾ ഉണ്ടെങ്കിൽ ആയത് കുടുംബശ്രീ സി.ഡി.എസ്സിന് സൗജന്യമായോ കരാർ അടിസ്ഥാനത്തിൽ നാമമാത്രമായ വാടക അടിസ്ഥാനത്തിലോ ലഭ്യമാക്കുന്നത് ഉചിതമായിരിക്കും. ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹായകരമായ രീതിയിൽ കുടുംബശ്രീ ബസാർ, വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിന് ഇത്തരം കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ കുടുംബശ്രീ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ മിഷനിൽ ഫണ്ട് ലഭ്യമാണെങ്കിലും സ്ഥലം, ഉചിതമായ കെട്ടിടം എന്നിവ ലഭ്യമാകാത്തത് കാരണം ഇത്തരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ, പഞ്ചായത്ത്/നഗരസഭാ കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലോ ഉടമസ്ഥതയിലോ ഉള്ളതും പൂട്ടിക്കിടക്കുന്നതുമായ കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ എന്നിവ കുടുംബശ്രീ/സി.ഡി.എസിനെ ഏൽപ്പിക്കുന്നതിനും കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള സ്ഥിരം സംവിധാനമെന്നനിലയിൽ കുടുംബശ്രീ ബസാർ, വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

65. കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കാൻ കുടുംബശ്രീ ബസാർ.കോം എന്ന പേരിൽ ഇ.കൊമേഴ്സ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീയുടെ 15,000 ലേറെ സൂക്ഷ്മ സംരംഭങ്ങളാണ് നിലവിലുള്ളത്. ഇതിൽ നിന്നും മികച്ച ഗുണനിലവാരവും ലേബലിംഗ്, പായ്ക്കിങ് എന്നിവയിൽ പുതുമയും ആകർഷണീയതയും നിലനിർത്തുന്ന ഇരുന്നൂറോളം ഉൽപ്പന്നങ്ങളാണ് ആദ്യഘട്ടം ഓൺലൈനായി നൽകുന്നത്.

66. കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതോടെ ഓൺലൈൻ വ്യാപാരത്തിന്റെ മേൽനോട്ടവും ചുമതലയും ഈ കേന്ദ്രങ്ങൾ വഴി നടത്താനാകും എന്ന് സമിതി മനസ്സിലാക്കുന്നു. <u>മാറി വരുന്ന മാർക്കറ്റിംഗ് സംസ്കാരം കണക്കിലെടുത്ത് കുടുംബശ്രീ നടപ്പിലാക്കി വരുന്ന ഓൺലൈൻ വ്യാപാര സംവിധാനത്തിന് കൂടുതൽ പ്രാധാന്യം നല്കണമെന്നും സ്വകാര്യമേഖല കയ്യടക്കിവച്ചിരിക്കുന്ന പ്രസ്തുത രംഗത്ത് കുടുംബശ്രീയുടെ ആധിപത്യം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

### ആദിവാസി മേഖലയിലെ കുടുംബശ്രീ ഇടപെടൽ

67. ആദിവാസി മേഖലയിൽ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് വിദ്യാഭ്യാസം, ഉപജീവനം, ആരോഗ്യവും പോഷകാഹാരവും മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള സംഘടനാ പ്രവർത്തനം തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നതായി സമിതി വിലയിരുത്തുന്നു. ആദിവാസി മേഖലയിലെ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നത് ട്രൈബൽ ആനിമേറ്റേഴ്സാണ്. വിദ്യാഭ്യാസ സുസ്ഥിരത ഉറപ്പുവരുത്തുവാൻ മുന്നേറ്റ കാമ്പയിനുകളും ബാലസഭകൾ ശക്തിപ്പെടുത്തുന്നതിന് ഗോത്രബാലവിജ്ഞാനോത്സവങ്ങളും സ്കൂൾ പഠനത്തിൽ നിന്നും കൊഴിഞ്ഞു പോകുന്നവരെ തുടർ പഠനത്തിലേയ്ക്കെത്തിക്കുന്നതിന് ബ്രിഡ്ജ് കോഴ്സും കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചതായും സമിതി മനസ്സിലാക്കുന്നു.

68. ഈ മേഖലയിലുള്ളവർക്ക് സർക്കാർ ജോലി നേടുന്നതിനായി പി. എസ്. സി. പരിശീലനം സംഘടിപ്പിക്കുക, പരമ്പരാഗത ഉപജീവന സംരംഭങ്ങൾ രൂപീകരിക്കുക, സുസ്ഥിര കാർഷിക രീതികൾ പരിശീലിപ്പിക്കുക എന്നിവയും കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. 2018-19 സാമ്പത്തിക വർഷം നിരന്തരമായ പ്രവർത്തനങ്ങളുടെയും ഫണ്ടിന്റേയും വിനിയോഗത്തിൽ കൂടുതൽ സ്വയം പര്യാപ്ത അയൽകൂട്ടങ്ങൾ രൂപീകരിക്കുക, 100% ഗ്രേഡിംഗ് ലിങ്കേജ് ഉറപ്പുവരുത്തുക, ആദിവാസി പരമ്പരാഗത കലകൾ, കരകൗശല ഉല്പന്നങ്ങൾ, പരമ്പരാഗത ഭക്ഷണം എന്നിവയുടെ ജില്ലാതല മേളകൾ സംഘടിപ്പിക്കുക, കുടുംബശ്രീ പ്രവർത്തനം ആദിവാസി മേഖലയിൽ ശക്തമാക്കുന്നതിനു

വേണ്ടി ട്രൈബൽ സൗഹൃദ സി. ഡി. എസ്സുകൾ രൂപീകരിക്കുക എന്നീ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്നുവരുന്നതായും സമിതി വിലയിരുത്തുന്നു.

**ജെൻഡർ വികസന പ്രവർത്തനങ്ങൾ**

69. കേന്ദ്ര വനിതാ ശിശുക്ഷേമ വികസന വകുപ്പിന് കീഴിലുള്ള നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വുമൺ, കുടുംബശ്രീയെ സ്റ്റേറ്റ് റിസോഴ്സ് ഫോർ വുമൺ ആയി തെരഞ്ഞെടുക്കുകയും സെന്ററിന്റെ പദ്ധതി നിർവ്വഹണം നടന്നുവരുന്നതായും സമിതി മനസ്സിലാക്കുന്നു. സ്ത്രീ ശാക്തീകരണ മേഖലയിലെ പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും ലക്ഷ്യം വച്ചു കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലായി 70 ജെൻഡർ റിസ്സോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞതായി സമിതി മനസ്സിലാക്കുന്നു. ജെൻഡർ റിസോഴ്സ് സെന്ററുകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, തുടർസേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന സഹായ കേന്ദ്രമാണ് ബ്ലോക്കുതല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ. 14 ജില്ലകളിലുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 75 ബ്ലോക്കുതല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിക്കുന്നതായും സമിതി വിലയിരുത്തുന്നു.

71. അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്ന അഭയകേന്ദ്രമായ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് അവബോധ പ്രവർത്തനങ്ങളും നടത്തണമെന്നും അടുത്തകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് ഉതകുന്നതരത്തിൽ സ്നേഹിത ജെൻഡർ ഹെൽപ്പ്ഡെസ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

72. അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനും വാർഡ് തലത്തിൽ വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സംസ്ഥാനത്താകമാനം 14949 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് ജനമൈത്രി പോലീസുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കുടുംബശ്രീ അംഗങ്ങൾക്ക് ചിത്രരചനയിലും ശില്പനിർമ്മാണത്തിലും കൊച്ചിൻ മുസരിസ് ബിനാലെയുമായി ചേർന്ന് 'വരയുടെ പെൺമ' എന്ന പേരിൽ പരിശീലനം നൽകിവരുന്നതായും കുടുംബശ്രീ വനിതകളുടെ കലാസാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയായ 'ആവിഷ്കാര', കേരള സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി എന്നിവയുമായി ചേർന്ന് ജില്ലാതലത്തിൽ തുടർ പരിശീലനങ്ങളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു വരുന്നതായും സമിതി മനസ്സിലാക്കുന്നു.

## ഹരിത കർമ്മ സേന

73. മാലിന്യ സംസ്കരണ രംഗത്ത് കുടുംബശ്രീ നേരിട്ട് ഇടപെടുന്നില്ലെങ്കിലും സംരംഭക പ്രവർത്തനം എന്ന നിലയിൽ ഹരിത കേരള മിഷനുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മ സേന പ്രവർത്തിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ജൈവ മാലിന്യങ്ങളുടെ സംസ്കരണവും പുനഃചംക്രമണവും ലക്ഷ്യമിട്ട് കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകിവരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ എന്നിവ സംയുക്തമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്. സൂക്ഷ്മ സംരംഭക മേഖലയിൽ വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഈ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി പരിസര ശുചീകരണ പ്രവർത്തനങ്ങളിൽ കൂടി കുടുംബശ്രീ വ്യക്തിമുദ്ര പതിപ്പിക്കണമെന്ന് സമിതി പ്രത്യാശിക്കുന്നു.

74. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചീകരണ തൊഴിലാളികൾ ഉണ്ടെങ്കിലും അവരുടെ എണ്ണം പരിമിതമായതിനാൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതന അടിസ്ഥാനത്തിൽ തൊഴിലാളികളെ എടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ബാധ്യതയാകുന്നതായി സമിതി മനസിലാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ശുചീകരണ പ്രവൃത്തികൾ കരാടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള റോഡുകളുടെ ശുചീകരണം കുടുംബശ്രീയെ ഏൽപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഷീ ലോഡ്ജ്

75. പഠനം, തൊഴിൽ, പരിശീലനം, മറ്റ് സ്വകാര്യ ആവശ്യങ്ങൾ എന്നിവയ്ക്കായി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് രാത്രികാലങ്ങളിൽ സുരക്ഷിതമായി വിശ്രമിക്കാനും താമസിക്കാനും സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് 'ഷീ ലോഡ്ജ് '. ആദ്യഘട്ടത്തിൽ 14 ജില്ലാ കേന്ദ്രങ്ങളിൽ അതത് നഗരസഭകളുടെ മേൽനോട്ടത്തിലായി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ ഉടമാവകാശം പൂർണ്ണമായും നഗരസഭയ്ക്കും നടത്തിപ്പും പരിപാലനവും അതത് ചെറുകിട സംരംഭക യൂണിറ്റിനുമാണ്. ബഹു. നിയമസഭാംഗങ്ങൾ അവരുടെ നിയോജകമണ്ഡലത്തിൽ ഷീ ലോഡ്ജുകളും ഷീ ഹോമുകളും ആരംഭിക്കുന്നതിനുള്ള താല്പര്യമെടുത്ത് ഈ പദ്ധതിക്ക് പിന്തുണ നല്കണമെന്നും ഇതിനായി എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ആവശ്യമായ ഫണ്ട് വിനിയോഗിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

76. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്നു കൊണ്ട് സംസ്ഥാനത്തെ 76 പെട്രോൾ പമ്പുകളിൽ ടോയിലറ്റ് മാനേജ്മെന്റ് ആരംഭിക്കുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നതായും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയിൽ 9000 രൂപ ശമ്പളത്തോടെ 76 വനിതകൾക്കാണ് തൊഴിൽ ലഭ്യമാകുക.

77. കൊച്ചി മെട്രോ, വിനോദ സഞ്ചാരവകുപ്പ്, വിവിധ ആശുപത്രികൾ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ഹൗസ് കീപ്പിംഗിനായി കുടുംബശ്രീ പ്രവർത്തകരെ നിയമിക്കാറുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, കൊച്ചിൻ ഷിപ്പ്യാർഡ്, എറണാകുളം റിസർവ് ബാങ്ക് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലും ഹൗസ് കീപ്പിംഗ് കുടുംബശ്രീ ഏറ്റെടുത്തു നടത്തുന്നുണ്ട്.

78. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ജെൻ-ഔഷധി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുള്ളതായും 442 ഇനം ജെനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മെഡിക്കൽ സ്റ്റോർ നടത്തുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതായി സമിതി മനസ്സിലാക്കുന്നു. ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഇന്ത്യയുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കുന്നതിന് ജെൻ-ഔഷധി മെഡിക്കൽ ഷോപ്പുകൾ ഇല്ലാത്ത ജില്ലാ താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ ജെൻ-ഔഷധി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79. കയർ മേഖലയിൽ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനായി ചകിരിനാരുല്പാദിപ്പിക്കുന്ന ഡീഫൈബറിംഗ് യൂണിറ്റുകൾ അയൽക്കൂട്ട വനിതകൾക്കായി കുടുംബശ്രീ ഒരുക്കുന്ന പുതിയ പദ്ധതിയാണ്. കൂടാതെ ഹാൻഡ്‌ലൂം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് 500 യുവതീ-യുവാക്കൾക്ക് നെയ്ത്ത് പരിശീലനം നടത്തുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നതായും സമിതി നിരീക്ഷിക്കുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണവും വിപണനവും എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിറഞ്ഞു നില്ക്കുന്ന കുടുംബശ്രീ, ദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കണമെന്നും ദാരിദ്ര്യത്തിൽ നിന്നും പുറത്തെത്തുന്നവരെ സ്ഥിരതയുള്ള ഒരു തൊഴിൽ മേഖലയിലേയ്ക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ കുടുംബശ്രീയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

81. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരെയും താഴെയുള്ളവരെയും ഉൾപ്പെടുത്തിയുള്ള സംയുക്ത സംരംഭക പദ്ധതികളെപ്പറ്റി ആലോചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82. സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യത്തിൽ ഹോംനഴ്സുമാരുടെ സേവനം ഒഴിച്ചു കൂടാൻ പറ്റാത്തതാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഹോംനഴ്സുമാർ നേരിടുന്ന ചൂഷണം തടയാനും അവർക്ക് മാന്യമായ ശമ്പളം ഉറപ്പു വരുത്തുന്നതിനും പ്രസ്തുത ശമ്പളം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കുടുംബശ്രീയുടെ ഇടപെടൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. ഹോം നഴ്സുമാരുടെ റിക്രൂട്ടിംഗ് മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വലിയ ചൂഷണം അവസാനിപ്പിക്കുന്നതിന് ഹോം നഴ്സ് റിക്രൂട്ടിംഗ് ഏജൻസിയായി കുടുംബശ്രീയെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. കുടുംബജീവിതത്തിന്റെ ഭദ്രത നിലനിർത്തുന്നതിനായി പ്രീ-മാരിറ്റൽ കൗൺസിലിംഗ് സെന്ററുകളും വിദ്യാഭ്യാസ മേഖലയിൽ ചുവടുറപ്പിക്കുന്നതിനായി പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

85. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് ശ്മശാനങ്ങളുടെ അഭാവവും ഉള്ളവയുടെ പരിചരണവും. സമൂഹത്തിലെ താഴെക്കിടയിലുള്ള വളരെയധികം ജനങ്ങൾ മൃതശരീരം ദഹിപ്പിക്കുവാൻ സ്ഥലമില്ലാതെ ബുദ്ധിമുട്ടുന്നതിന് ഒരു പരിഹാരമാണ് ഇപ്പോൾ ചില സ്ഥലങ്ങളിലെങ്കിലും പ്രവർത്തിക്കുന്ന മൊബൈൽ ക്രിമറ്റോറിയങ്ങൾ. ഇത്തരം മൊബൈൽ ക്രിമറ്റോറിയങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിലും തുടങ്ങുകയാണെങ്കിൽ സമൂഹം നേരിടുന്ന ഒരു വലിയ വെല്ലുവിളി ഒരു പരിധി വരെ പരിഹരിക്കാനാകും. ആയതിനാൽ കുടുംബശ്രീകൾക്ക് ആധുനിക രീതിയിലുള്ള മൊബൈൽ ക്രിമറ്റോറിയങ്ങൾ തുടങ്ങാനുള്ള സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. സാധാരണ ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും കുടുംബശ്രീയുടെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ടെങ്കിലും ഇന്ന് കുടുംബശ്രീ പല വെല്ലുവിളികളും നേരിടുന്നുണ്ട്. സർക്കാർ സംവിധാനത്തിൽ നിന്നും ആനുകൂല്യങ്ങളും സൗകര്യങ്ങളും കൈപ്പറ്റാനുള്ള ഉപാധി എന്ന നിലയിൽ മാത്രം കുടുംബശ്രീയെ കാണുന്ന അംഗങ്ങൾ ഉണ്ടെന്നുള്ളത് വസ്തുതയാണ്. ഇത്തരം പ്രവണതകൾ കുടുംബശ്രീയുടെ സ്ഥായിയായ ശാക്തീകരണം എന്ന ലക്ഷ്യത്തെ ദുർബലപ്പെടുത്തുന്നതായി സമിതി വിലയിരുത്തുന്നു.

87. സ്ത്രീകൾ ഒന്നിലധികം സ്വയം സഹായ സംഘങ്ങളിൽ ഒരേ സമയം അംഗമാകുകയും വായ്പകൾ എടുക്കുകയും ചെയ്യുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പാവപ്പെട്ട അംഗങ്ങളെ കടക്കെടുതിയിലാക്കുന്നതിന് ഒരു പരിധിവരെ കാരണമാവുന്നുമുണ്ട്. കുടുംബശ്രീ നിയമാവലി അംഗീകരിക്കുവാൻ തയ്യാറായിട്ടുള്ള ഏതൊരു സ്വയം സഹായ സംഘത്തിനും കുടുംബശ്രീ സി.ഡി.എസ്സിൽ

രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നിലവിൽ കുടുംബശ്രീ ബൈലോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം ഒന്നിലധികം സ്വയം സഹായ സംഘങ്ങളിൽ അംഗമാകുന്നത് കൊണ്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

88. സംരംഭകത്വ വികസന പരിശീലനം മുതൽ കുടുംബശ്രീയുടെ കൈത്താങ്ങോടെ സംരംഭകത്വ മേഖലയിലേയ്ക്ക് പ്രവേശിക്കുന്ന സംരംഭകർക്ക് പല സഹായങ്ങളും കുടുംബശ്രീ നൽകുന്നുണ്ടെങ്കിലും സൂക്ഷ്മ സംരംഭക പദ്ധതി നിരവധി പ്രശ്നങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. സാധ്യതകൾക്കനുസരിച്ചുള്ള സംരംഭങ്ങളുടെ കുറവ്, നൂതന സംരംഭങ്ങൾ ഏറ്റെടുക്കുവാനുള്ള വൈമനസ്യം, വായ്പാ തിരിച്ചടവിലെ വീഴ്ച, ഉല്പാദന ചെലവിലുള്ള വർദ്ധനവ്, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ബ്രാൻഡഡ് ഉല്പന്നങ്ങളുമായുള്ള വിപണി മത്സരം, ആസൂത്രണത്തിന്റേയും കൂട്ടായ്മയുടെയും അഭാവം എന്നിവ സൂക്ഷ്മ സംരംഭക മേഖല നേരിടുന്ന വെല്ലുവിളികളാണെന്ന് സമിതി വിലയിരുത്തുന്നു. വിജയമാതൃകകളായി കുടുംബശ്രീ എടുത്തുകാട്ടുന്ന യൂണിറ്റുകൾ പോലും വെല്ലുവിളികളിൽ നിന്നും മുക്തമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

89. കുടുംബശ്രീ ഉൽപ്പന്നങ്ങൾ തനിമയ്ക്കും ഗുണമേന്മയ്ക്കും പേര് കേട്ടവയാണെങ്കിലും ആധുനിക കമ്പോളത്തിൽ ശക്തമായ ബ്രാൻഡുകളുമായി മത്സരിക്കേണ്ടി വരുന്നതും അത്തരം മത്സരത്തെ അതിജീവിക്കാൻ കഴിയുന്ന ബ്രാൻഡ് ഇമേജ് നിർമ്മിക്കാൻ കഴിയാത്തതും സംരംഭകത്വ വികസനത്തെ ബാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു.

90. സൂപ്പർമാർക്കറ്റുകളും ഷോപ്പിംഗ്മാളുകളും വിപണിയുടെ കേന്ദ്രബിന്ദുവാകുമ്പോൾ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അത്തരം ബ്രാൻഡുകൾ രൂപപ്പെടുത്തുന്നതിനും കുടുംബശ്രീ ഉല്പന്നങ്ങൾ സൂപ്പർമാർക്കറ്റുകളിലൂടെയും ഷോപ്പിംഗ് മാളുകളിൽ കൂടിയും വിപണനം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്നും ഇതിനായി ഒരേ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വലിയ കൂട്ടായ്മകൾ രൂപപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

91. ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മിതിയും സാധ്യമാകുന്ന തരത്തിൽ ഗവേഷണ വികസന കേന്ദ്രങ്ങൾ സൂക്ഷ്മ സംരംഭങ്ങളുടെ കൺസോർഷ്യങ്ങൾക്ക് രൂപം കൊടുത്ത് പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92. നോക്കാനും, പരിപാലിക്കാനും ആളില്ലാതെ പലയിടത്തും നരകതുല്യമായ ജീവിതം നയിക്കുന്ന അനേകം ആളുകൾ സംസ്ഥാനത്തുണ്ട്. ഇത്തരത്തിലുള്ള നിരാശ്രയരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും സംരക്ഷണം ഏറ്റെടുക്കാനും അവരെ

താമസിപ്പിക്കുവാനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

93. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് മുന്നോട്ട് പോകുന്നുണ്ടെങ്കിലും കുടുംബശ്രീ അംഗങ്ങളുടെയും അയൽക്കൂട്ടങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തം വേണ്ടി വരുന്ന ചില പദ്ധതികൾക്കായുള്ള നിർദ്ദേശങ്ങൾ താഴെത്തട്ടിലുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി നിലനില്ക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതുമൂലം മേൽത്തട്ടിൽ നിന്നും നല്കുന്ന പദ്ധതി നിർദ്ദേശങ്ങൾ യഥാസമയം അംഗങ്ങളെ അറിയിക്കാനോ ആവശ്യമായ യോഗം ചേർന്ന് മുൻകരുതലുകളും തയ്യാറെടുപ്പുകളും നടത്താനോ സാധിക്കാതെ താഴെത്തട്ടിലുള്ള യൂണിറ്റുകൾ ബുദ്ധിമുട്ടുന്നു. ഇതൊഴിവാക്കാൻ തീരുമാനങ്ങളും നിർദ്ദേശങ്ങളും കുടുംബശ്രീ യൂണിറ്റുകൾക്കും അയൽക്കൂട്ടങ്ങൾക്കും യഥാസമയം കൈമാറണമെന്നും നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും നടത്തുന്നതിനാവശ്യമായ സമയം ലഭിക്കുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

94. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുടുംബശ്രീ ആശ്രയ പദ്ധതിക്ക് നിർബന്ധമായും തുക വകയിരുത്തണം എന്ന നിബന്ധനയുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വർഷത്തെയും വാർഷിക പദ്ധതിയിൽ കുടുംബശ്രീ ഗുണഭോക്താക്കൾക്കായി പദ്ധതികൾ ഉൾപ്പെടുത്തി തുക വകയിരുത്തുന്നത് പരിഗണിക്കേണ്ടതാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഉചിതമായ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷനുകൾ ത്രിതല സംഘടനാ സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തേണ്ടതും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95. കുടുംബശ്രീ സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും അയൽക്കൂട്ട തലത്തിൽ ചർച്ച ചെയ്തു തയ്യാറാക്കുന്ന സി.ഡി.എസ്സ്. ഡിമാന്റ് പ്ലാൻ അഥവാ സി.ഡി.എസ്സ് ആക്ഷൻ പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സംവിധാനത്തിലൂടെ തയ്യാറാക്കി വരുന്ന ഡിമാന്റ് പ്ലാൻ പഞ്ചായത്ത്/നഗരസഭകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തയ്യാറാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ ചുരുക്കം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് പ്രസ്തുത സി.ഡി.എസ്. ആക്ഷൻ പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കാറുള്ളത്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സി.ഡി.എസ്. ആക്ഷൻ പ്ലാനുകൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. പഞ്ചായത്ത്/നഗരസഭയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മുഖ്യ ഏജൻസി ആയി കുടുംബശ്രീ സി.ഡി.എസ്സിനെ തീരുമാനിച്ചു കൊണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നിലവിലുള്ളതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്, പാവപ്പെട്ടവരാൽ രൂപീകരിച്ചിട്ടുള്ള സംഘടനാ സംവിധാനമാണ് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം. ആയതിനാൽ പഞ്ചായത്ത്/നഗരസഭകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മുഖ്യ ഏജൻസി ആയി കുടുംബശ്രീ സി.ഡി.എസ്സിനെ ഉപയോഗപ്പെടുത്തുക എന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് ആവശ്യമായ കൂടുതൽ ഇടപെടൽ സർക്കാർ തലത്തിൽ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

97. കുറവുകൾ ഏറെ ചൂണ്ടിക്കാട്ടാമെങ്കിലും ദരിദ്രസ്ത്രീകളുടെ സ്വാതന്ത്ര്യം വിപുലമാക്കുന്നതിനും അവരുടെ കഴിവുകളും തെരഞ്ഞെടുക്കലിനുമുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പു വരുത്തുന്നതിലും, കുടുംബശ്രീ തുറന്നുകൊടുത്ത സാധ്യതകൾ വളരെ വിലപ്പെട്ടത് തന്നെയെന്നതിൽ തർക്കമില്ല. ഒരു മൈക്രോക്രെഡിറ്റ് സ്ഥാപനമെന്ന നിലയിലും സാമൂഹ്യ സ്ഥാപനമെന്ന നിലയിലും ആദരണീയമായ സ്ഥാനമാണ് കുടുംബശ്രീക്കുള്ളത്. നൂതന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന മികച്ച ജനസേവന പരിപാടിക്ക് കോമൺവെൽത്ത് അസോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് ഏർപ്പെടുത്തിയ അന്താരാഷ്ട്ര സുവർണ്ണ പുരസ്കാരം കുടുംബശ്രീക്ക് ലഭിക്കുകയുണ്ടായി എന്നതും ഐക്യരാഷ്ട്ര സംഘടന വികസന പദ്ധതിയിലെ (യു.എൻ.ഡി.പി.) "ഇന്ത്യയിലെ യുവാക്കളും സന്നദ്ധ പ്രവർത്തനവും" എന്ന പ്രമേയത്തിൽ തയ്യാറാക്കിയ പട്ടികയിലും കോഴിക്കോട് കളക്ടറുടെ നേതൃത്വത്തിൽ ആരംഭിച്ച 'കംപാഷനേറ്റ് കോഴിക്കോട് ' എന്ന സംഘടനയ്ക്കൊപ്പം കുടുംബശ്രീയും ഇടം പിടിച്ച് ഐക്യരാഷ്ട്ര സംഘടനയുടെ വരെ ശ്രദ്ധയിൽ വന്നു എന്നതും ഈ രംഗത്ത് കുടുംബശ്രീ പുലർത്തുന്ന ആത്മാർത്ഥതയുടെയും ലക്ഷ്യബോധത്തിന്റെയും തെളിവുകളായി വിലയിരുത്താം.

എ. സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2018 നവംബർ 29.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.